(ബി) ഇവരുടെ യാത്രയ്ക്കും അതോടനുബന്ധിച്ചുള്ള മറ്റ് ആവശ്യങ്ങൾക്കുമായി എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇവർ എന്ത് ആവശ്യത്തിനാണ് വിദേശയാത്ര നടത്തിയിട്ടുള്ളത് ;

(ഡി) പ്രസ്തുത യാത്രയുടെ ഫലമായി എത്ര വിദേശികൾ കേരളം സന്ദർശിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇവരുടെ യാത്രയ്ക്കായി 21,40,364 രൂപയും അതുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ (മേളകളിലെ സ്റ്റാൾ ഒരുക്കൽ, പ്രചരണ സാമഗ്രികളുടെ ട്രാൻപോർട്ടേഷൻ പ്രസന്റേഷൻ, പത്ര സമ്മേളനം, സംഘടിപ്പിക്കൽ തുടങ്ങിയവയ്ക്ക്) 77,49,406 രൂപയും ചെലവായിട്ടുണ്ട്.

(സി) വിദേശത്തുനടക്കുന്ന പ്രധാന ടൂറിസം മേളകളിൽ പങ്കെടുക്കുന്നതിനും, ഈ യാത്രാവേളകളിൽതന്നെ കേരളത്തിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധ്യതയുള്ള പ്രധാന വിദേശ നഗരങ്ങളിലെ ഇന്ത്യാഗവൺമെന്റ് ടൂറിസ്റ്റ് ഓഫീസുകൾ വഴിയും മറ്റും ടൂർ ഓപ്പറേറ്റർമാർ, മാധ്യമപ്രവർത്തകർ, ടൂറിസം വ്യവസായവുമായി ബന്ധപ്പെട്ടവർ എന്നിവർ മുമ്പാകെ കേരളത്തിലെ ടൂറിസം സൗകര്യങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവ സംബന്ധിച്ച് ഫലപ്രദമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് വിദേശയാത്ര നടത്തിയത്.

(ഡി) മേൽപ്പറഞ്ഞ യാത്രകൾ കേരള ടൂറിസത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ഇതിന്റെ ഫലമായി മാത്രം എത്രപേർ കേരളം സന്ദർശിച്ചിട്ടുണ്ട് എന്ന് കണക്കാക്കാനാവില്ല. ഈ പ്രചാരണങ്ങളുടെ ഫലമായി കേരളം ഇന്ന് ലോകശ്രദ്ധ പിടിച്ചുപറ്റിയ ഒരു ടൂറിസം ഡസ്റ്റിനേഷനായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഫലപ്രദമായ പ്രചാരണ പ്രവർത്തനങ്ങളിലൂടെ 1994-ൽ കേരളം സന്ദർശിച്ച ടൂറിസ്റ്റുകളുടെ എണ്ണം 1,04,568 ആയിരുന്നത് 1999-ൽ 202173 ആയും 2000-ൽ 2,09,893 ആയും (താൽക്കാലിക കണക്കുകൾ) വർദ്ധിച്ചിട്ടുണ്ട്.

കാസർകോട് ജില്ലയിലെ ടൂറിസം വികസനം

166 (1101) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ടൂറിസം വികസനത്തിനായി കാസർകോട് ജില്ലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) ഈ വകയിൽ എത്ര രൂപ ചെലവഴിച്ചു ;

---

† അനുബന്ധം - XXI

LIBRARY ARCHIVES Kerala Legislative Assembly

(സി) അടുത്ത വർഷം നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ഡി) അവയ്ക്ക് എത്ര ചെലവ് വരും ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർകോട് ജില്ലയിൽ താഴെ പറയുന്ന പദ്ധതികൾ ഈ വർഷം നടപ്പിലാക്കുന്നതിന് ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന് ധന സഹായം നൽകിയിട്ടുണ്ട്.

1. വസ്തു ഏറ്റെടുക്കൽ
2. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ
3. വലിയപറമ്പ കായലോര ടൂറിസം വികസനം.

കൂടാതെ വീരമലക്കുന്ന് മൈക്കയിൽ ടൂറിസം വികനത്തിനും ഈ വർഷം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ബേക്കലിൽ ടൂറിസം വികസനത്തിനായി 3 കോടി രൂപ ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷന് നൽകി. കൂടാതെ വീരമലകുന്ന് ഒരു ടൂറിസം സെന്ററായി വികസിപ്പിക്കുന്നതിന് 2,70,000 രൂപ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് നൽകുകയുണ്ടായി.

(സി & ഡി) അടുത്തവർഷം ബേക്കൽ ടൂറിസം വികസന പ്രവർത്തനങ്ങൾ കൂടാതെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്ന മുറക്ക് അവ പരിശോധിച്ച് നടപ്പിലാക്കുന്നതാണ്. അവയുടെ ചെലവ് പദ്ധതികളുടെ കരട് രൂപ ലഭിച്ചതിന് ശേഷം മാത്രമേ വ്യക്തമാകൂ.

ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കുമുള്ള സബ്സിഡി

167 (1102) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും മറ്റുമായി എത്ര രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത സബ്സിഡി ഏതൊക്കെ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതമാണ് നൽകിയത് എന്ന് വ്യക്തമാക്കുമോ ;

(സി) ഹോട്ടലുകൾക്കും റസ്റ്റോറന്റുകൾക്കും സബ്സിഡി നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്ഥാപനങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റി നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly